# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാളികാവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.6/1806/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 05/09/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാളികാവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.6/1806/23 തീയ്യതി: 05/09/2023

## മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-10-2022 മുതൽ 19-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ചിത്രലേഖ.കെ.കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 25-07-2023 | 03-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-07-2023 | 03-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.അബ്ദുൾ ജലീൽ ടി പി ,ഓഡിറ്റ് ഓഫീസർ

2.ശ്രീ.മുഹമ്മദ് സലീം ടി,അസി.ഓഡിറ്റ് ഓഫീസർ

3.ശ്രീ.റഷീദ് വി ,സീനിയർ ഗ്രേഡ് ഓഡിറ്റർ

4.ശ്രീമതി.വിനീത പി.പി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനൂപ് മോഹൻ | സെക്രട്ടറി | 01-04-2022 | 29-09-2022 |
| ശ്രീമതി. ഗീത പി | സെക്രട്ടറി | 30-09-2022 | 31-03-2023 |
| ശ്രീ. ഗോപി താളിക്കുഴി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അബ്ദുൽ ഷുക്കൂർ | അസി.സെക്രട്ടറി | 01-04-2022 | 30-09-2022 |
| ഒഴിവ് | അസി.സെക്രട്ടറി | 01-10-2022 | 30-10-2022 |
| ശ്രീമതി. അസീന ചെറുപള്ളിക്കൽ | അസി.സെക്രട്ടറി | 31-10-2022 | 21-01-2023 |
| ഒഴിവ് | അസി.സെക്രട്ടറി | 22-01-2023 | 09-02-2023 |
| ശ്രീ. ശിവാനന്ദൻ സി | അസി.സെക്രട്ടറി | 10-02-2023 | 31-03-2023 |
| ശ്രീ.ജോയൽ സാബു | അസി.എഞ്ചിനീയർ | 01-04-2022 | 28-05-2022 |
| ശ്രീ. ദീപക്ക് | അസി.എഞ്ചിനീയർ | 31-07-2022 | 05-09-2022 |
| ശ്രീ. സിനിമോൻ സി എച്ച് | അസി.എഞ്ചിനീയർ | 06-09-2022 | 22-09-2024 |
| ശ്രീ. പ്രവീൺകുമാർ എൻ വി | അസി.എഞ്ചിനീയർ | 23-09-2022 | 07-10-2022 |
| ശ്രീ.അക്ഷയ് സുരേഷ് | അസി.എഞ്ചിനീയർ | 08-10-2022 | 29-11-2022 |
| ശ്രീ. യൂസഫ് കെ എ | അസി.എഞ്ചിനീയർ | 30-11-2022 | 21-12-2022 |
| ശ്രീമതി. ഹസീന എൻ കെ | അസി.എഞ്ചിനീയർ | 22-12-2022 | 23-03-2023 |
| ശ്രീമതി.ലീന കേശവൻ നായർ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.ജസീല വളപ്പിൽ ഹൗസ് | മെഡിക്കൽ ഓഫീസർ ( CHC) | 01-04-2022 | 19-05-2022 |
| ഡോ. മുഹമ്മദ് നജീബ് പി യു | മെഡിക്കൽ ഓഫീസർ ( CHC) | 20-05-2022 | 31-03-2023 |
| ഡോ.മനോജ് | മെഡിക്കൽ ഓഫീസർ ( | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| കുര്യാക്കോസ് | ഹോമിയോ) | | |
| ശ്രീമതി.റസിയ.സി.എച്ച് | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ലനീഷ.എം | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഉമ്മുസൽമ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 05-07-2022 |
| ശ്രീമതി.ഉമൈസ കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-07-2022 | 06-01-2023 |
| ശ്രീമതി.മൈമൂന കെ ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 07-01-2023 | 31-03-2023 |
| ഡോ.സൗമ്യ | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 01-04-2022 | 17-12-2022 |
| ഡോ. മിനു മംഗളാനന്ദൻ | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 18-12-2022 | 31-03-2023 |
| ശ്രീ.അബ്ദുൽ ഖാസിം.പി | ഫിഷറീസ് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സജിത ടി വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 16-11-2022 |
| ശ്രീമതി. ദിവ്യ ജി എൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 17-11-2022 | 05-02-2023 |
| ശ്രീമതി. നസീമ കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 06-02-2023 | 31-03-2023 |
| ശ്രീ.നൗഫൽ.പി | വി ഇ ഒ | 01-04-2022 | 31-03-2023 |
| ശ്രീ.ലിജോ ജോസഫ് | വി ഇ ഒ | 01-04-2022 | 17-05-2022 |
| ശ്രീ.ഷബീബ് | വി ഇ ഒ | 18-05-2022 | 31-03-2023 |
| ശ്രീ. യൂസഫ്. കെ.എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 29-05-2022 | 30-07-2022 |
| ശ്രീ. അക്ഷയ് സുരേഷ് | അസിസ്റ്റന്റ് എഞ്ചിനീയർ | 24-03-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ്. | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല. | 1-1-3 |
| 5 | ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. | 1-1-4 |
| 6 | ചെക്ക് നൽകി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | ധനകാര്യ വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | തനത് വരുമാന സമാഹരണം - അവലോകനം. | 1-11 |
| 17 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം. | 1-12 |
| 18 | അനുപൂരക പോഷകാഹാര വിതരണം TDS ഈടാക്കിയില്ല. | 1-13 |
| 19 | യഥാർത്ഥ ചെലവിനേക്കാൾ കൂടിയ തുക ബാങ്കിൽനിന്ന് പിൻവലിച്ചതിനാൽ 2519 രൂപ നഷ്ടം | 1-14 |
| 20 | വിവിധ അക്കൌണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ - യഥാസമയം അക്കൌണ്ട് ചെയ്യുന്നില്ല. | 1-15 |
| 21 | കോൺട്രാക്ടർമാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല | 1-16 |
| 22 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയിച്ചു | 1-17 |
| 23 | അക്രഡിറ്റഡ് ഏജൻസി മുഖേന പദ്ധതി നടപ്പാക്കൽ; അപാകതകൾ. | 1-18 |

| | | |
|---|---|---|
| 24 | അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവിനേക്കാൾ കൂടിയ അളവിൽ ബിൽ തയ്യാറാക്കി തുക നൽകി.നഷ്ടം 52631 രൂപ | 1-19 |
| 25 | കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു/ ആവശ്യത്തിലധികം അക്കൗണ്ടുകൾ സൂക്ഷിക്കുന്നു; വിശദീകരണം നൽകേണ്ടതാണ്. | 1-20 |
| 26 | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്ന് ലഭ്യമായിട്ടില്ല. | 1-21 |
| 27 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. | 1-22 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ് )ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് കാളികാവ് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 1/1 (06.07.2023) തീരുമാന പ്രകാരം തയ്യാറാക്കി 06.07.2023 തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള കാളികാവ് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം& എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, കാളികാവ് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : മലപ്പുറം
തീയതി: 04-08-2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം.

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (₹2,69,52,098/-), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (₹3,34,73,218/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ

ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായിട്ടില്ല.

### 1-1-4 ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

| Sl.No. | Voucher Date | Instrument Date | Amount |
|---|---|---|---|
| 1 | 12.05.2022 | 12.05.2022 | 44.00 |
| 2 | 27.09.2022 | 27.09.2022 | 1260.00 |
| 3 | 27.06.2022 | 27.06.2022 | 85.00 |
| 4 | 09.06.2022 | 09.06.2022 | 127.00 |
| 5 | 08.04.2022 | 08.04.2022 | 934.00 |
| 6 | 04.05.2022 | 04.05.2022 | 9.00 |
| 7 | 31.05.2022 | 31.05.2022 | 60.00 |

### 1-1-5 ചെക്ക് നൽകി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

ചെക്ക് നൽകി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| Sl.No. | Instrument Number | Instrument Date | Amount |
|---|---|---|---|
| 1 | 856292 | 01.07.2021 | 750.00 |
| 2 | 856231 | 17.04.2021 | 300.00 |
| 3 | 856355 | 08.09.2021 | 1482.00 |
| 4 | 856757 | 12.05.2022 | 1063.00 |
| 5 | 856788 | 08.06.2022 | 800.00 |
| 6 | 857105 | 05.07.2022 | 3164.00 |
| 7 | 298241 | 22.07.2022 | 20.00 |
| 8 | 856791 | 08.06.2022 | 472.00 |

## 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1) - 24.03.2022 | 2(1) - 28.02.2023 |

## 1-3 ധനകാര്യ വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 39252853 |
| വരവ് | 96641847 |
| ആകെ | 135894700 |
| ചെലവ് | 63168629 |
| നീക്കിയിരിപ്പ് | 72726071 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 25639630 | 25639630 | 25639174 | 456 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 7794915 | 7794915 | 7794915 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 109585 | 109585 | 109585 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 12826000 | 12826000 | 3420314 | 9405686 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 8148000 | 8148000 | 5847814 | 2300186 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 1151794 | 7717000 | 8868794 | 2887313 | 5981481 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 114424 | 5145000<br>336127-INTEREST | 5595551 | 5332212 | 263339 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 267 | 217460474 | 168 | 94377442 | | 99 | 62.92% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 1053909 | 1053909 | 1053909 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 33868809 | 33868809 | 33868809 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി വേതനം | 1776000 | 156 |
| വിധവാപെൻഷൻ | 16465000 | 1508 |
| വാർദ്ധക്യകാല പെൻഷൻ | 24809400 | 2330 |
| വികലാംഗ പെൻഷൻ | 5855000 | 553 |
| വിവാഹ ധനസഹായം | 300000 | 10 |
| 50 വയസ്സിനു മുകളിലുള്ള വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 784000 | 71 |

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.07.2023ന് 2.20 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 14793/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. കൃഷി ഓഫീസർ, മെഡിക്കൽ ഓഫീസർ (സി എച്ച് സി) എന്നീ നിർവ്വഹണോദ്യോഗസ്ഥർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
2. അസിസ്റ്റന്റ് എഞ്ചിനീയർ കാഷ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല. വരവ് തുകയുടെ രശീത് നമ്പർ, ചെലവ് തുകയുടെ വൗച്ചർ നമ്പർ എന്നിവ ചേർക്കുന്നില്ല. ഖണ്ഡിക 1-20 ൽ പരാമർശിച്ച പ്രകാരം 4 ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ ഉണ്ടെങ്കിൽ ആയതിലെ ട്രാൻസാക്ഷൻ , നീക്കിയിരിപ്പ് എന്നിവ കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14/09/2022 | 01/07/2022 മുതൽ 31/08/22 വരെ | 14/09/2022 |
| എ.ജി ഓഡിറ്റ് | 24.09.2012 | 2007-08- മുതൽ 2011-12 | 17/12/2012 |

## 1-11 തനത് വരുമാന സമാഹരണം - അവലോകനം.

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി കാളികാവ് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം .

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ്, ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന വിധത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ഉയർന്ന് വന്നിട്ടില്ല. നികുതി പിരിവിന്റെ പുരോഗതി വിവരം, പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് വർഷത്തിൽ 17 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ മുന്നോട്ട് വെച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

2). ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്ന പ്രകാരമാണ് പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

| ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | ലഭ്യമായ വരവ് | വ്യത്യാസം |
|---|---|---|---|
| Property Tax | 59,50,000 | 59,32,704 | - 17,296 |
| Profession Tax | 20,00,000 | 20,32,090 | + 32090 |
| Rental Income | 3,94,560 | 3,94,560 | 0 |
| Licence Fees | 2,10,000 | 2,12,000 | + 2000 |

| | | | |
|---|---|---|---|
| Building Permit | 4,00,000 | 4,10,727 | + 10727 |

വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കാളികാവ് ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ച് വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക വിജ്ഞാപനം) 13.04.2023 ലെ പഞ്ചായത്ത് ഭരണസമിതി യോഗം 1/1 നമ്പർ തീരുമാന പ്രകാരം 25.04.2023 ന് പരസ്യപ്പെടുത്തിയിട്ടുണ്ട്.

3). മേഖലകൾ പുതുക്കി നിശ്ചയിക്കൽ സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (കരട്) 13.04.2023 ലെ പഞ്ചായത്ത് ഭരണസമിതി യോഗം 1/1 നമ്പർ തീരുമാന പ്രകാരം 25.04.2023 ന് പരസ്യപ്പെടുത്തിയിട്ടുണ്ട്. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല.

4). വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് 2023 മെയ് 15 നകം പ്രസിദ്ധീകരിക്കേണ്ടതായിരുന്നുവെങ്കിലും നാളിതു വരെ പഞ്ചായത്ത് തീരുമാനം കൈക്കൊള്ളുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്തിട്ടില്ല.

5). മേഖലകളുടെ തരം തിരിവും അതിർത്തികളും സംബന്ധിച്ച അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് പുറപ്പെടുവിച്ചിട്ടില്ല.

6). പുതുക്കിയ വസ്തുനികുതി നിരക്കിന്റെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പരസ്യപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും ആയത് പരസ്യപ്പെടുത്തിയിട്ടില്ല. (08.06.2023 ലെ ഇത് കാരണം 01.04.2023ന് ശേഷം പുതുതായി വസ്തുനികുതി നിർണ്ണയം നടത്തുന്ന കേസുകളിൽ പഴയ നിരക്കിൽ തന്നെ വസ്തുനികുതി നിർണ്ണയിച്ച്, പുതിയ നിരക്ക് പ്രകാരമുള്ള അധിക തുക അടവാക്കിക്കൊള്ളാമെന്നുള്ള സമ്മതപത്രം ഉടമകളിൽ നിന്ന് കൈപ്പറ്റുകയാണ് ചെയ്യുന്നത്.

7). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 569 അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. എന്നാൽ വിവര ശേഖരണത്തിനായി ഇത്തരത്തിലുള്ള നിയമനം നടത്തുകയോ നികുതി പുനർനിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി

ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

കാളികാവ് ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കേണ്ടതാണ്.

കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള സർവ്വീസ് ചാർജ്ജ് .

കാളികാവ് ഗ്രാമപഞ്ചായത്തിൽ കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് രണ്ട് കെട്ടിടങ്ങൾ (7/148 & 9/426) നിലവിലുണ്ട് എന്ന് മറുപടി ലഭ്യമാക്കി. ഈ കെട്ടിടങ്ങൾക്ക് സർവ്വീസ് ചാർജ്ജ് ചുമത്തിയിട്ടില്ല..

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ കാര്യക്ഷമമായ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

3. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റേയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

ലൈസൻസ് ഫീസ്.

2022-23 സാമ്പത്തിക വർഷത്തിൽ 438 സ്ഥാപനങ്ങളിൽ നിന്നായി 2,12,000/- രൂപയാണ് ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ 410 സ്ഥാപനങ്ങൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമല്ല എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ലൈസൻസ് എടുക്കേണ്ടുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ ധാരാളം കച്ചവട സ്ഥാപനങ്ങൾ പ്രവൃത്തിച്ചു വരുന്നതായി

റിപ്പോർട്ട് ചെയ്തതിന്റെയടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ വ്യാപാര, സേവന, സ്ഥാപനങ്ങളെ നിയമാനുസൃതമായ ലൈസൻസ് എടുക്കുന്നതിന് പ്രോത്സാഹിപ്പിക്കും വിധം ലൈസൻസ് അദാലത്ത് നടത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം കൈക്കൊണ്ടിട്ടുണ്ടെങ്കിലും (15.07.2022 ലെ രണ്ടാം നമ്പർ തീരുമാനം) യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ലൈസൻസ് ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക പൂർണ്ണമായും പിരിച്ചെടുക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സിനിമാ തിയേറ്ററുകളിൽ നിന്നുള്ള നികുതി വരവ് .

കാളികാവ് ഗ്രാമപഞ്ചായത്തിൽ സിനിമാ തിയേറ്ററുകൾ പ്രവർത്തിക്കുന്നില്ല.

മറ്റിനങ്ങൾ.

ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

| | |
|---|---|
| Property Tax | 25497 |
| Bus Stand Collection | 42000 |
| Comfort Station | 8000 |
| Total | 75497 |

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/മൂല്യനിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധനക്ക് വിധേയമാക്കലാണ് ഈ അവലോകനത്തിന്റെ ലക്ഷ്യം. 2012-13 മുതൽ 2021-22വരെയുള്ള കാലയളവുകളിലെ ഈ വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ , പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറിൽ (സുലേഖ) നിന്നുള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഓഡിറ്റ് എൻക്വയറി [എൻക്വയറി നമ്പർ 10/1.8.2023] നൽകുകയും, ആയതിന് സ്ഥാപനം ലഭ്യമാക്കിയ മറുപടി പരിശോധിക്കുകയും ചെയ്താണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ഫണ്ട് ഇനം (6) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യനിർണ്ണയം പ്രകാരം) (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 1 | 154/2017 പയറ്റ് കുഴി അംഗനവാടി പൈപ്പ് ലൈൻ നീട്ടൽ | 2016-17 | KWA | 310000 | പ്ലാൻ -ജനറൽ | | 3,10,000 |
| 2 | 153/2017 കാളികാവ് വലിയപള്ളി തെക്ക് ഏരിയയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 2016-17 | KWA | 40000 | പ്ലാൻ -ജനറൽ | | 40,000 |
| 3 | 155/2017 വെള്ളയൂർ കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 2016-17 | KWA | 765000 (510000 + | ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പ്ലാൻ -ജനറൽ | | 7,65,000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | 255000) | | | |
| 4 | 196/2017 മുത്താംതണ്ട് എസ്.സി കോളനി കുടിവെള്ളത്തിന് കുഴൽകിണർ നിർമാണം | 2016-17 | GWD | 44640 | Development Fund (KLGSDP Grant)- | | 44,640 |
| 5 | 157/2017 വാഴക്കുന്ന ഏരിയയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 2016-17 | KWA | 300000 | പ്ലാൻ -ജനറൽ | | 3,00,000 |
| 6 | 158/2017 തണ്ടുകോട് ചെറുത്ത് ഏരിയയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 2016-17 | KWA | 560000 | പ്ലാൻ -ജനറൽ | | 5,60,000 |
| 7 | ആമപ്പോയിൽ കമ്മുണ്ണിപ്പടി മുതൽ കൈതമണ്ണ ക്ഷേത്രം വരെ മുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ. 169/18 | 2017-18 | KWA | 100000 | CFC Basic Grant | | 1,00,000 |
| 8 | അസൈനാർപടി വെള്ളയൂർ ഭാഗത്തേക്ക് മുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ. 170/18 | 2017-18 | KWA | 300000 | CFC Basic Grant | | 3,00,000 |
| 9 | വടക്കേക്കുന്ന് ഭാഗത്തേക്ക് മുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ. 167/18 | 2017-18 | KWA | 100000 | FCFC Basic Grant | | 1,00,000 |
| 10 | മേലേകാളികാവ് ഭാഗത്തേക്ക് മുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ. 168/18 | 2017-18 | KWA | 100000 | CFC Basic Grant | | 1,00,000 |
| 11 | പേവുംതറ നായിക്കംകുന്ന് ഭാഗത്തേക്ക് മുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ. 171/18 | | KWA | 200000 | CFC Basic Grant | | 2,00,000 |
| 12 | വെള്ളംചാട്ടുകല്ല് അംഗണവാടി ഭാഗത്തേക്ക് മുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ. 218/18 | 2017-18 | KWA | 300000 | Maintenance Fund (NR) | | 3,00,000 |
| 13 | കാളികാവ് പുഴയിൽ തടയണ നിർമാണം 234/18 | 2017-18 | Minor Irrigation | 360000 | പ്ലാൻ -ജനറൽ | | 3,60,000 |
| 14 | പ്രോജക്റ്റ് നം. 30/2020 കാളികാവ് പുഴയിൽ തടയണ നിർമ്മാണം- മൈനർ ഇറിഗേഷൻ ഡിപ്പോർട്ട്മെന്റിലേക്ക് തുക നൽകൽ | 2019-20 | Minor Irrigation | 2,00,000 | പ്ലാൻ -ജനറൽ | | 2,00,000 |
| 15 | പ്രോജക്റ്റ് നം. 192/2020 ചെറുത്ത് തണ്ട്കോട് വഴി മുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ പദ്ധതി | 2019-20 | KWA | 1,00,000 | പ്ലാൻ -13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | | 1,00,000 |
| 16 | പ്രോജക്റ്റ് നം. 155/2020 | 2019-20 | KWA | 4,00,000 | -Do- | | 4,00,000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കുറുപൊയിൽ -വാഴകുന്ന് റോഡിലൂടെ മതുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | | | | | | |
| 17 | പ്രോജക്റ്റ് നം. 159/2020പുറ്റമണ്ണ പുറ്റംകുന്ന് ഭാഗത്തേക്ക് മതുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 2019-20 | KWA | 1,00,000 | -Do- | | 1,00,000 |
| 18 | പ്രോജക്റ്റ് നം. 162/2020<br>മൂച്ചിക്കൽ സബ്സെന്റർ റോഡിലൂടെ കളത്തിങ്ങൽകുന്ന് അയ്യപ്പൻ കോളനിയിലേക്ക് മതുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 2019-20 | KWA | 2,50,000 | -Do- | | 2,50,000 |
| 19 | പ്രോജക്റ്റ് നം. 158/2020<br>പള്ളികുളം തിരുത്തുമ്മൽ വീട് റോഡ് ഭാഗത്തേക്ക് മതുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 2019-20 | KWA | 1,00,000 | -Do- | | 1,00,000 |
| 20 | പ്രോജക്റ്റ് നം. 157/2020<br>ആമപ്പൊയിൽ-വെള്ളംച്ചാട്ടുകല്ല് ഭാഗത്തേക്ക് മതുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 2019-20 | KWA | 1,50,000 | -Do- | | 1,50,000 |
| 21 | പ്രോജക്റ്റ് നം. 156/2020<br>പള്ളിക്കുന്ന് അംഗനവാടി റോഡിലൂടെ മതുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 2019-20 | KWA | 2,50,000 | -Do- | | 2,50,000 |
| 22 | പ്രോജക്റ്റ് നം. 154/2020<br>മേലേ കാളികാവ് ഉള്ളാട്ടിൽ റോഡിൽ മതുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 2019-20 | KWA | 3,50,000 | -Do- | | 3,50,000 |
| 23 | 289/21,വെള്ളയൂർ തൊടികപ്പലം മൂന്നു സെൻറ് കോളനിയിലേക്ക് മതുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 2020-21 | KWA | 6,50,000 | -Do- | | 6,50,000 |
| 24 | 42/21, പള്ളികുളം വളവ് റോഡിലൂടെ ഹസ്സൻമോയിൻപടി വരെ മതുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 2020-21 | KWA | 1,00,000 | -Do- | | 1,00,000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 25 | 403/21,ജലജീവൻ മിഷൻ പദ്ധതി | 2020-21 | KWA | 5,00,000 | പ്ലാൻ - ജനറൽ | | 5,00,000 |
| 26 | മൂക്കത്തിക്കൊല്ലി കുടിവെള്ള പദ്ധതി വൈദ്യുതീകരണം. (150/14) | | KSEB | 59000 | പ്ലാൻ - ജനറൽ | | 59,000 |
| 27 | അംഗൻവാടികളിലേക്ക് കുടിവെള്ള പദ്ധതിക്ക് പൈപ് ലൈൻ നീട്ടൽ (160/15) | | KWA | 325000 | പ്ലാൻ -ജനറൽ | | 3,25,000 |
| 28 | പരിയങ്ങാട് പ്രദേശങ്ങളിലേക്ക് കുടിവെള്ള പദ്ധതിക്ക് പൈപ് ലൈൻ നീട്ടൽ (161/15) | | KWA | 115000 | പ്ലാൻ -ജനറൽ | | 1,15,000 |
| | | | | | | ആകെ | 71,28,64 |

മേൽ പ്രവൃത്തികളിലായി 71,28,640/- രൂപ വിവിധ ഏജൻസികളിൽ നിന്നും തിരിച്ച് ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. ആയത് ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും, പ്ലാൻ ഫണ്ട് വിഹിതം സർക്കാറിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-13 അനുപൂരക പോഷകാഹാര വിതരണം TDS ഈടാക്കിയില്ല.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28th ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെ ജി.എസ്.ടിയിന്മേൽ 2 ശതമാനം TDS ഈടാക്കേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം എന്ന പദ്ധതി പ്രകാരം അമൃതം ന്യൂട്രീമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുകയിന്മേൽ നൽകിയ ജി.എസ്.ടി-ക്ക് TDS ഈടാക്കിയിട്ടില്ല. ന്യൂട്രീമിക്സ് വിലയോടൊപ്പം 5 % ജി.എസ്.ടി കൂടി ന്യൂട്രീമിക്സ് വിതരണം ചെയ്ത സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രൊജക്ട് | അമൃതം ന്യൂട്രീമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുക | സപ്ലൈ നടത്തിയ സ്ഥാപനം |
|---|---|---|---|
| 1 | അനുപൂരക പോഷകാഹാര വിതരണം (ജനറല് 26/23) | 1833019 | ഹെൽത്തി ആന്റ് സ്വാദിഷ് ന്യൂട്രീമിക്സ്, കാളികാവ് |
| 2 | അനുപൂരക പോഷകാഹാര വിതരണം (SC 2/23) | 373108 | ഹെൽത്തി ആന്റ് സ്വാദിഷ് ന്യൂട്രീമിക്സ്, കാളികാവ്. |

വാങ്ങലുകൾ നടത്തുമ്പോൾ നൽകുന്ന ജി.എസ്.ടിയിന്മേൽ 2% TDS ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(4/31-7-23)ക്ക് ഭാവിയിൽ പാലിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. ഭാവിയിൽ പാലിക്കേണ്ടതാണ്. അടുത്ത ഓഡിറ്റിൽ പരിശോധിക്കുന്നതാണ്.

## 1-14 യഥാർത്ഥ ചെലവിനേക്കാൾ കൂടിയ തുക ബാങ്കിൽനിന്ന് പിൻവലിച്ചതിനാൽ 2519 രൂപ നഷ്ടം

(1) ബാങ്ക് ബുക്കിൽ ശരിയായ ചെക്ക് നമ്പറുകൾ രേഖപ്പെടുത്തിയില്ല. ഒരു ചെക്കിൽനിന്ന് ആ ചെക്കിന്റെ മൂല്യത്തേക്കാൾ കൂടിയ തുക ചെലവ് ചെയ്തതായി ബാങ്ക് ബുക്കിൽ രേഖപ്പെടുത്തി. നമ്പർ 856757/12.5.2022 ചെക്കിന്റെ മൂല്യം 20043 രൂപയാണ്. ആയത് 12.5.2022 നു പിൻവലിച്ചിട്ടുണ്ട്. എന്നാൽ തനത് ഫണ്ട് സൂക്ഷിക്കുന്ന 4809 നമ്പർ കനറാ ബാങ്ക് അക്കൗണ്ടിന്റെ ബാങ്ക് ബുക്കിൽ 18 വൗച്ചറുകളിലായി ആകെ 67748 രൂപ ഈ ചെക്ക് പ്രകാരം ചെലവഴിച്ചതായി അക്കൗണ്ട് ചെയ്തിട്ടുണ്ട്. ഇത് കാരണമായി ബാങ്ക് അക്കൗണ്ടിൽനിന്നുള്ള പിൻവലിക്കലുകൾ ബാങ്ക് ബുക്കുമായി ഒത്തുനോക്കി കൃത്യത ഉറപ്പ് വരുത്താൻ സാധ്യമല്ല.

മുകളിൽ സൂചിപ്പിച്ച അപാകത കാരണം യഥാർത്ഥ ചെലവിനേക്കാൾ കൂടിയ തുക ബാങ്കിൽനിന്ന് പിൻവലിച്ചതിനാൽ 2519 രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ തുക 2023 മാർച്ച് 31 ലെ ബാങ്ക് റിക്കൺസിലിയേഷൻ പത്രികയിൽ ചെക്ക് നമ്പർ രേഖപ്പെടുത്താതെ ഡയറക്റ്റിലി ഡബിറ്റഡ് ബൈ ബാങ്ക് എന്ന് രേഖപ്പെടുത്തി താഴെ പറയുന്ന പ്രകാരം പൊരുത്തപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

| ക്രമ നമ്പർ | വൗച്ചർ തിയ്യതി | ഇൻസ്ട്രുമെന്റ് തിയ്യതി | തുക |
|---|---|---|---|
| 1 | 12.5.2022 | 12.5.2022 | 44 |
| 2 | 27.9.22 | 27.9.22 | 1260 |
| 3 | 27.6.2022 | 27.6.2022 | 85 |
| 4 | 9.6.2022 | 9.6.2022 | 127 |
| 5 | 8.4.22 | 8.4.22 | 934 |
| 6 | 4.5.2022 | 4.5.2022 | 9 |
| | | ആകെ | 2519 |

നഷ്ട തുക ഉത്തരവാദിയായ അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവരിൽനിന്ന് ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 14/2.8.23 ക്ക് മറുപടി ലഭ്യമായതിൽ ഈ രീതിയിലുള്ള അക്കൗണ്ടിംഗ് ആവർത്തിക്കില്ലെന്നും നിലവിൽ കൃത്യമായി ചെയ്യുന്നുവെന്നും 2519 രൂപയുടെ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി അറിയിക്കുമെന്നുമാണ് . നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 വിവിധ അക്കൌണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ - യഥാസമയം അക്കൌണ്ട് ചെയ്യുന്നില്ല.

വരവ് ചെലവ് കണക്കുകൾ അതാത് ദിവസം തന്നെ അക്കൌണ്ട് ചെയ്യണമെന്നിരിക്കെ കാളികാവ് ഗ്രാമപഞ്ചായത്തിൽ വിവിധ അക്കൌണ്ടുകളിൽ നിന്നും പണം പിൻവലിക്കുന്നത് യഥാസമയം ILGMSൽ അക്കൌണ്ട് ചെയ്യപ്പെടുന്നില്ല. ഇത് ഒരു ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ചെക്ക്നമ്പർ / തിയ്യതി | തുക | അക്കൌണ്ട് ചെയ്യേണ്ട തിയ്യതി | അക്കൌണ്ട് ചെയ്ത തിയ്യതി |
|---|---|---|---|---|
| 1 | 856757/12.05.2022 | 1928 | 12.05.22 | 01.06.2022 |
| 2 | 856774/31.05.2022 | 1504 | 31.05.2022 | 01.06.2022 |
| 3 | 856757/12.05.2022 | 1063 | 12.05.22 | 02.06.2022 |
| 4 | 856773/31.05.2022 | 1396 | 31.05.2022 | 02.06.2022 |
| 5 | 856792/08.06.2022 | 1537 | 08.06.2022 | 17.06.2022 |
| 6 | 856773/31.05.2022 | 1320 | 31.05.2022 | 10.06.2022 |
| 7 | 856785/07.06.2022 | 33454 | 07.06.2022 | 15.06.2022 |
| 8 | 856792/08.06.2022 | 1251 | 08.06.2022 | 22.06.2023 |

അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി നം.12/22-23 Dtd 02.08.2023 ന് നിലവിൽ വരവ് ചെലവ് കണക്കുകൾ കൃത്യമായി അക്കൌണ്ട് ചെയ്യുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

ഇത്തരം അപാകതകൾ ഭാവിയിൽ കർശനമായും ഒഴിവാക്കേണ്ടതാണ്.

## 1-16 കോൺട്രാക്ടർമാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല

2022-23 സാമ്പത്തിക വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിലെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കരാറുകാർ ജോലി ചെയ്തു വരുന്നതായി ബോധ്യപ്പെട്ടു. ഒരു അർദ്ധവർഷത്തിൽ തുടർച്ചയായോ, അല്ലാതെയോ 60 ദിവസം വരുമാനം ആർജ്ജിക്കുന്ന ഓരോ വ്യക്തിയും പഞ്ചായത്തിൽ അതാത് അർദ്ധവർഷത്തെ തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥനാണ്. ഇതു പ്രകാരം താഴെപ്പറയുന്ന കരാറുകാർ ഗ്രാമ പഞ്ചായത്തിൽ കരാർ പ്രവൃത്തി ഏറ്റെടുത്തതായി കാണുന്നുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കോൺട്രാകടേഴ്സിന്റെ പേര് |
|---|

| |
|---|
| മുഹമ്മദ് എ |
| സുൽഫിക്കർ അലി പി പി |
| നിസാം പി വി |
| മുഹമ്മദ് സന്ദബ് വി പി |
| അബ്ദുൾ മജീദ് |
| റംഷാദ് പി |
| അക്ബർ |

മേൽ വ്യവസ്ഥ പ്രകാരം കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ വിവരം ലഭ്യമാക്കുന്നതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 1/01.08.2023 ന് കരാറുകാർക്ക് നോട്ടീസ് നൽകുമെന്നും അറിയിച്ചിട്ടുണ്ട്. കോൺട്രാക്ടേഴ്സിൽ നിന്നും മേൽ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-17 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയിച്ചു

ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അംഗീകരിച്ച അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100 ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30 രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ളവ : 50/- രൂപ / ച.മീ.

എന്നാൽ ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 100 ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതും മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച താഴെ പറയുന്ന കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിന് അടിസ്ഥാന നികുതി 50 രൂപ/ച.മീ. പരിഗണിക്കേണ്ടതിനു പകരം 30 രൂപ/ച.മീ. കണക്കിലെടുത്താണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

| പേര് | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം ($M^2$) | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ടത് | വ്യത്യാസം |
|---|---|---|---|---|---|
| ശ്രീമതി. മുബീന മജീദ് ടി | 2/322B | 53.75m2 | അടിസ്ഥാന വസ്തു നികുതി =53.75 X 30<br>=1612.5<br>മേഖല അടിസ്ഥാനത്തിലുള്ള ഇളവ്(10%)=ഇല്ല<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ്(20%)=322.5<br>ആകെ നികുതി: 1935<br>ലൈബ്രറി സെസ്=97<br>1935+97=2032 | അടിസ്ഥാന വസ്തു നികുതി=53.75 X 50<br>=2687.5<br>മേഖല അടിസ്ഥാനത്തിലുള്ള ഇളവ്(10%)=ഇല്ല<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ്(20%)=537.5<br>ആകെ നികുതി: 3225<br>ലൈബ്രറി സെസ്= 161<br>3225+161=3386 | 1354 |
| | 2/322C | 60.73m2 | അടിസ്ഥാന വസ്തു നികുതി =60.73 X 30<br>=1821.9<br>മേഖല അടിസ്ഥാനത്തിലുള്ള | അടിസ്ഥാന വസ്തു നികുതി=60.73 X 50<br>=3036.5<br>മേഖല അടിസ്ഥാനത്തിലുള്ള | 1530 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ഇളവ്(10%)=ഇല്ല<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ്(20%)=364.38<br>ആകെ നികുതി: 2187<br>ലൈബ്രറി സെസ്=109<br>2187+ 109=2296 | ഇളവ്(10%)=ഇല്ല<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ്(20%)=607.3<br>ആകെ നികുതി: 3644<br>ലൈബ്രറി സെസ്=182<br>3644+182=3826 | | |
| | | 2/322D | 53.62m2 | അടിസ്ഥാന വസ്തു നികുതി =53.62x 30<br>=1608.6<br>മേഖല അടിസ്ഥാനത്തിലുള്ള ഇളവ്(10%)=ഇല്ല<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ്(20%)=321.72<br>ആകെ നികുതി: 1931<br>ലൈബ്രറി സെസ്=97<br>1931+97=2028 | അടിസ്ഥാന വസ്തു നികുതി =53.62 X 50<br>=2681<br>മേഖല അടിസ്ഥാനത്തിലുള്ള ഇളവ്(10%)=0<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ്(20%)=536<br>ആകെ നികുതി: 3217<br>ലൈബ്രറി സെസ്=161<br>3217+161=3378 | 1350 | |
| | | 2/322E | 80.97m2 | അടിസ്ഥാന വസ്തു നികുതി =80.97 X 30<br>=2429.1<br>മേഖല അടിസ്ഥാനത്തിലുള്ള ഇളവ്(10%)=...<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ്(20%)=485.82<br>ആകെ നികുതി: 2914<br>ലൈബ്രറി സെസ്=146<br>2914+146=3060 | അടിസ്ഥാന വസ്തു നികുതി =80.97 X 50<br>=4049<br>മേഖല അടിസ്ഥാനത്തിലുള്ള ഇളവ്(10%)=0<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ്(20%)=809.7<br>ആകെ നികുതി: 4859<br>ലൈബ്രറി സെസ്=242<br>4859+242=5101 | 2041 | |
| | | 2/322F | 70.53m2 | അടിസ്ഥാന വസ്തു നികുതി =70.53 X 30<br>=2115.9<br>മേഖല അടിസ്ഥാനത്തിലുള്ള ഇളവ്(10%)=0<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ്(20%)= 423.18<br>ആകെ നികുതി: 2539<br>ലൈബ്രറി സെസ്=127<br>2539+127=2666 | അടിസ്ഥാന വസ്തു നികുതി =70.53 X 50<br>=3527<br>മേഖല അടിസ്ഥാനത്തിലുള്ള ഇളവ്(10%)=0<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ്(20%)=705<br>ആകെ നികുതി:4232<br>ലൈബ്രറി സെസ്=222<br>4232+222=4454 | 1788 | |
| | | 2/322G | 63.42m2 | അടിസ്ഥാന വസ്തു നികുതി =63.42 X 30<br>=1902.6<br>മേഖല അടിസ്ഥാനത്തിലുള്ള | അടിസ്ഥാന വസ്തു നികുതി =63.42 X 50<br>=3171<br>മേഖല അടിസ്ഥാനത്തിലുള്ള | 1599 | |

| | | | | | |
|---|---|---|---|---|---|
| | | | ഇളവ്(10%)=0<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ്(20%)=380.52<br>ആകെ നികുതി: 2283<br>ലൈബ്രറി സെസ്=114<br>2283+114=2397 | ഇളവ്(10%)=0<br>വഴി സൗകര്യ ത്തിന്റെ അടിസ്ഥാന ത്തിലുള്ള വർദ്ധനവ്(20%)= 634<br>ആകെ നികുതി: 3805<br>ലൈബ്രറി സെസ്=191<br>3805+191=3996 | |
| | | | | ആകെ | 9662 |

തൻവർഷം തന്നെ 100 ച.മീ. മുകളിലുള്ളതും വിവിധ നമ്പറുകൾ അനുവദിച്ച മറ്റു കെട്ടിടങ്ങൾക്ക് 50/ച.മീ. രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഉദാ: ശ്രീ.ഉണ്ണി ഹൈദ്ര, വെങ്ങോടൻ എന്നയാളുടെ III/370 A,B,Dഎന്നീ റൂമുകളടങ്ങിയ ആകെ 144.62ച.മീ. തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 50 രൂപ/ച.മീ. നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം 203(3) വകുപ്പ് പ്രകാരം ഒരേ ഇനത്തിന് അല്ലെങ്കിൽ അതിന്റെ ഉപവിഭാഗത്തിൽ പ്പെട്ട എല്ലാ കെട്ടിടങ്ങൾക്കും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് എല്ലായിടത്തും ഒരേ അടിസ്ഥാന വസ്തു നികുതി നിരക്ക് ആയിരിക്കേണ്ടതാണ്. ചില കെട്ടിടങ്ങൾക്ക് 30 രൂപ നിരക്കിലും മറ്റു ചില കെട്ടിടങ്ങൾക്ക് 50 രൂപ നിരക്കിലും ഒരേ ഉപയോഗതരത്തിലുള്ള കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നത് വിവേചനപരവും 203(3) വകുപ്പിന്റെ ലംഘനവുമാണ്. ഇത്തരത്തിൽ നികുതി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 02/01.08.2023 ന് നികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതാണെന്ന് മറുപടി നല്കി. നികുതി പുനർനിർണ്ണയിച്ച് ഫോറം 6 സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-18 അക്രഡിറ്റഡ് ഏജൻസി മുഖേന പദ്ധതി നടപ്പാക്കൽ; അപാകതകൾ.

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിലെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം, അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ സ്ഥിരമായി ജീവനക്കാർ ഇല്ലാത്തതിനാൽ പ്രവൃത്തികളുടെ നിർവ്വഹണം നടപ്പിലാക്കുന്നതിന് പ്രയാസം നേരിടുമെന്ന സാഹചര്യം ഉണ്ടാവുമെന്നതിനാൽ 2022-23 വാർഷിക പദ്ധതിയിലെ മരാമത്ത് പ്രവൃത്തികളിലുൾപ്പെട്ട പദ്ധതികളിൽ ഭാഗികമായ പദ്ധതികൾ, സ.ഉ (പി) നം. 67/2021/ഫിൻ തീയതി 28-4-21 ലെ വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾക്ക് ടെണ്ടർ മുഖേന നൽകുന്നതിന് ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 25-10-2022 യോഗത്തിലെ 1/1 തീരുമാനപ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും അസിസ്റ്റന്റ് എഞ്ചിനീയർ 3-11-2022 ലെ 01/LID&EW/TEN-1 ടെണ്ടർ പ്രകാരം ആകെ 2,49,44,216 രൂപ അടങ്കൽ ഉള്ള 71 പ്രവൃത്തികൾ സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസി (PMC (Project Management Consultancy) കളിൽ നിന്ന് മൽസരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിക്കുകയും ചെയ്തു. ആയത് പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് സെന്റേജ് ചാർജ് രേഖപ്പെടുത്തിയ ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്, ആലുവ, കേരള എന്ന സ്ഥാപനത്തിന്റെ ടെണ്ടർ, ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 31-12-2022 യോഗത്തിലെ 3/1 തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തു.

എന്നാൽ, സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വേണ്ടി ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്,ആലുവ, എന്ന സ്ഥാപനത്തിന് മേൽപ്രകാരം അനുമതി നൽകിയെങ്കിലും സ്ഥാപനത്തിന് യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ടെണ്ടർ ചെയ്ത പ്രവൃത്തി | | 22-23 ൽ നിർവ്വഹണം നടത്തിയത് | | 22-23 ൽ നിർവ്വഹണം നടത്താത്തത് | |
|---|---|---|---|---|---|
| എണ്ണം | തുക(രൂപയിൽ) | എണ്ണം | തുക (രൂപയിൽ) | എണ്ണം | തുക (രൂപയിൽ) |
| 71 | 24944216 | 39 | 12316904 | 32 | 12627312 |

ഓഡിറ്റ് നിരീക്ഷണങ്ങൾ/അപാകതകൾ

1) അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ സ്ഥിരമായി ജീവനക്കാർ ഇല്ലാത്തതിനാൽ പ്രവൃത്തികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിക്ക് പ്രവൃത്തി ടെണ്ടർ ചെയ്തിട്ട് പോലും 49.37 % തുക മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത് (പട്ടിക കാണുക).

2) സെന്റേജ് ചാർജിനത്തിൽ ആകെ 989080 രൂപ അധിക സാമ്പത്തിക ബാധ്യത വന്നു.

3) അക്രഡിറ്റഡ് ഏജൻസിയെ പ്രവൃത്തി ഏല്പിക്കാതെ ഓഫീസ് വഴി നിർവ്വഹണം നടത്തിയിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന ടെണ്ടർ ഫീ, (ഒരു പ്രവൃത്തിക്ക് ഏറ്റവും കുറഞ്ഞത് 2 ടെണ്ടർ ലഭിക്കുമെന്ന് കണക്കാക്കിയാൽ പോലും)

ഏറ്റവും കുറഞ്ഞത് 71000/- രൂപയും (71 X 2 X 500) നഷ്ടമായി.

4) അക്രഡിറ്റഡ് ഏജൻസിയെ PMC ആയി പ്രവൃത്തി എല്പിക്കുന്ന സാഹചര്യത്തിൽ , PMC, നിലവിലുള്ള മാനദണ്ഡമനുസരിച്ച് ഐറ്റം റേറ്റ് അടിസ്ഥാനത്തിൽ സർക്കാരിന്റെ ഇ-ടെണ്ടർ പോർട്ടലിലൂടെ പ്രവൃത്തികൾ ടെണ്ടർ ചെയ്യേണ്ടതാണെന്ന് സ.ഉ (പി) നം. 67/2021/ഫിൻ തീയതി 28-4-21 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അപ്രകാരം ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിലും ലഭിച്ച ടെണ്ടറുകളുടെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തന്നെ ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരൻ തന്നെയാണോ പ്രവൃത്തി നിർവ്വഹിച്ചതെന്നും കരാറുകാർ ക്വാട്ട് ചെയ്ത നിരക്കിൽ തന്നെയാണോ തുക നൽകിയതെന്നും വ്യക്തമല്ല.

5) പ്രവൃത്തിയുടെ സവിശേഷ സ്വഭാവം, ഫണ്ടിംഗ് ഏജൻസി നിശ്ചയിക്കുന്ന സമയപരിധി പാലിക്കൽ, പ്രവൃത്തി ചെയ്യാൻ ചുമതലപ്പെട്ട ഏജൻസിയുടെ/ഓഫീസിന്റെ കനത്ത ജോലി ഭാരം മുതലായ സാഹചര്യങ്ങൾ ഉണ്ടാവുമ്പോൾ അക്രഡിറ്റഡ് ഏജൻസിയുടെ സേവനങ്ങൾ ആവശ്യമെങ്കിൽ തേടാവുന്നതാണെന്ന് സ.ഉ (പി) നം. 67/2021/ഫിൻ തീയതി 28-4-21 ൽ വ്യക്തമാക്കിയിട്ടുണ്ട്. അത്തരം സാഹചര്യങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 16/2-8-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ, അപാകത ക്രമ നമ്പർ (4) ന് നൽകിയ മറുപടിയിൽ ടെണ്ടർ രേഖകൾ ഹാജരാക്കുന്നതിന് ഏജൻസിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. ടെണ്ടർ രേഖകൾ ഹാജരാക്കേണ്ടതും അവശേഷിക്കുന്ന അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-19 അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവിനേക്കാൾ കൂടിയ അളവിൽ ബിൽ തയ്യാറാക്കി തുക നൽകി.നഷ്ടം 52631 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പ്രവൃത്തി : 70 ഏക്കർ മാഞ്ചോല ചേരുകുളമ്പ് റോഡ് കോൺക്രീറ്റ് , 54/23

അടങ്കൽ : 270000 രൂപ ( CFC ഗ്രാന്റ്)

നിർവ്വഹണം : Forest Industries Travancore LTD., (Acredited Agency)

കരാറുകാരൻ : അക്ബർ മാഞ്ചേരി

കരാർ : 02/AE/LID&EW/KKV/108/22-23/4-3-23 (ER)

ചെലവ് : 269490 രൂപ

വൗച്ചർ നമ്പർ : XVPC/2022-23/P/49/25-3-23 Rs. 2,49,991
XVPC/2022-23/P150/25-3-23 Rs. 19,499

അളവ് പുസ്തകം : 71/22-23

DAR-2018,C I 36.44%

ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 25-10-2022 യോഗത്തിലെ 1/1 തീരുമാനപ്രകാരം 2022-23 വാർഷിക പദ്ധതിയിലെ മരാമത്ത് പ്രവൃത്തികളിലുൾപ്പെട്ട പദ്ധതികളിൽ ഭാഗികമായ പദ്ധതികൾ, സ.ഉ (പി) നം. 67/2021/ഫിൻ തീയതി 28-4-21 ലെ വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾക്ക് ടെണ്ടർ മുഖേന നൽകുന്നതിന് തീരുമാനിക്കുകയും ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്, ആലുവ, കേരള എന്ന സ്ഥാപനത്തിന്റെ ടെണ്ടർ, ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 31-12-2022 യോഗത്തിലെ 3/1 തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തു. ആയത് പ്രകാരം ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്, ആലുവ എന്ന സ്ഥാപനം PMC ആയിട്ടാണ് മേൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

മേൽ റോഡ് കോൺക്രീറ്റ് പ്രവൃത്തിയുടെ ഇനം 2,3 എന്നിവക്ക് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവിനേക്കാൾ കൂടിയ അളവിൽ പ്രവൃത്തി ചെയ്തതായി ബിൽ തയ്യാറാക്കി കരാറുകാരന് തുക നൽകിയതായി കാണുന്നുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | പ്രവൃത്തി | അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവ് | നൽകാവുന്ന തുക | നൽകിയ തുക | അധികം |
|---|---|---|---|---|---|
| 2 | ക്വാറി മക്ക് ഫില്ലിംഗ് | 23.793 M3 | @ 940.22 = 22370.65 | 24.239 X 940.22 = 22790.22 | 419.57 |
| 3 | റോഡ് കോൺക്രീറ്റ് | 23.793 M3 | @ 8036.83 = 153849.03 | 24.239 X 8036.83= | 40955.69 |

| | | | | |
|---|---|---|---|---|
| | | (അളവ് ആകെ കൂട്ടിയാൽ 19.143 M3 മാത്രമാണ് വരുന്നത്) | 194804.72 | |
| | | | അധികം | 41375.26 |
| | | | (+) 18% GST | 7447.54 |
| | | | (+) 7.8 % Centage | 3227.27 |
| | | | (+) 18% GST On Centage | 580.90 |
| | | | Total | 52630.97 |

മേൽ പ്രകാരം അധികം തുക നൽകിയതിന് സ്വീകാര്യമായ വിശദീകരണം നൽകുകയോ അല്ലാത്ത പക്ഷം അധികം നൽകിയ 52631 രൂപ തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 5/31-7-2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, ഈ പ്രവൃത്തി ഏറ്റെടുത്ത് പൂർത്തീകരിച്ച ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിന് മറുപടി അയച്ച് നൽകിയിട്ടുണ്ടെന്ന മറുപടി നൽകി. ആയതിനാൽ ഇക്കാര്യത്തിൽ സ്വീകാര്യമായ മറുപടി നൽകുകയോ അല്ലാത്തപക്ഷം മേൽ പ്രകാരമുള്ള നഷ്ടം 52631 രൂപ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കിയ അക്രഡിറ്റഡ് ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ), ആലുവ എന്ന സ്ഥാപനത്തിൽ നിന്നീടാക്കി അറിയിക്കുകയോ ചെയ്യേണ്ടതാണ്.

## 1-20 കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു/ ആവശ്യത്തിലധികം അക്കൗണ്ടുകൾ സൂക്ഷിക്കുന്നു; വിശദീകരണം നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ പഞ്ചാബ് നേഷൻ ബാങ്കിലുള്ള 4281000100090377 നമ്പർ സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ 03-03-2023 ന് 381489.58/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ച് ബിൽ തയ്യാറാക്കി കരാറുകാർക്ക് നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ ആവശ്യപ്പെടുന്ന തുക മാത്രമാണ് ഈ അക്കൗണ്ടിലേക്ക് അനുവദിക്കപ്പെടുന്നത് എന്നതിനാൽ ഇതിൽ പണം ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല. അസിസ്റ്റന്റ് എഞ്ചിനിയറുടെ കാഷ്ബുക്കിലും ഇത്തരം നീക്കിയിരുപ്പിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ നിലവിൽ നാല് ബേങ്ക്/ട്രഷറി അക്കൗണ്ടുകളുണ്ട്.

| ക്ര. നം | അക്കൗണ്ട് വിശദാംശം | ആവശ്യകത | അക്കൗണ്ട് തുടങ്ങിയ തീയതി | ബാലൻസ് തുക |
|---|---|---|---|---|
| 1 | 39075395797,<br>SBI Karuvarakund. | E-Tender | 21-01-2020 | ലഭ്യമല്ല |
| 2 | 110039398472<br>CANARA BANK, KALIKAVU | CFC ഗ്രാന്റ് പ്രവൃത്തികളുടെ I T അടവാക്കൽ | 24-02-2022 | 26രൂപ (31-7-22) |
| 3 | 4281000100090377<br>PNB, KALIKAVU | ലഭ്യമല്ല | 17-3-2008 | 381489.58(03-03-2023) |
| 4 | 799011400004920<br>TSB, Karuvarakund. | ലഭ്യമല്ല | ലഭ്യമല്ല | 00(31-03-2023) |

മേൽ 4 അക്കൗണ്ടുകളുടെ ആവശ്യകത എന്താണെന്ന് വ്യക്തമാക്കേണ്ടതും നിലവിലെ ഫണ്ട് ട്രാൻസാക്ഷൻ രീതി പ്രകാരം ആവശ്യമില്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതും ചെലവഴിക്കാതെ അവശേഷിക്കുന്ന 381489.58/- രൂപ ഏതിനത്തിലുള്ളതാണെന്നും 381489.58/-രൂപയുടെ നീക്കിയിരിപ്പ് കാഷ്ബുക്കിൽ

രേഖപ്പെടുത്താത്തത് എന്ത് കൊണ്ടാണെന്നും വിശദമാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 13/2-8-2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അപാകത പരിഹരിക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

### 1-21 ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്ന് ലഭ്യമായിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ(ഹോമിയോ)

1) പ്രോജക്ട് : അടക്കാക്കണ്ട് ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ (33/2022-23)

അടങ്കൽ-50000 ( Maintanance Fund Non Road)

ചെലവ്- 50000

BRN: 22151352031200881029/2-12-22

2) പ്രോജക്ട് : വെള്ളയൂർ ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ (35/2022-23)

അടങ്കൽ-150000 ( Maintanance Fund Non Road)

ചെലവ്- 150000

BRN : 22151352031200881076/2-12-22

പ്രൊജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി, മെഡിക്കൽ ഓഫീസർ (ഹോമിയോ), ഹോംക്കോ ആലപ്പുഴക്ക് മേൽ പ്രകാരം 200000 രൂപ (50000+150000) നൽകിയിട്ടുണ്ട്. എന്നാൽ നാളിത് വരെ മേൽ തുകക്കുള്ള മരുന്നുകൾ ഒന്നും തന്നെ സ്ഥാപനത്തിൽ ലഭ്യമായതായി കാണുന്നില്ല. മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണെന്നും ലഭ്യമായിട്ടില്ലെങ്കിൽ ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നുമാവശ്യപ്പെട്ട് നൽകിയ 9/1-8-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, 79118 രൂപയുടെ മരുന്ന് 1-8-23 ന് ലഭ്യമായി എന്നും അവശേഷിക്കുന്നവ ഉടൻ ലഭ്യമാവുമെന്നും മറുപടി നൽകി. മുഴുവൻ മരുന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

### 1-22 ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക |
|---|---|---|---|---|
| 1 | KSEB | 04/22-23<br>അങ്കണവാടികളുടെ വൈദ്യുതീകരണം | 22200754 Dated 12/12/2022 | 114774 |
| 2 | GWD | Pr No.104/22-23<br>കുഴൽ കിണർ നിർമ്മാണം | 22200793 Dated 23/12/2022 | 35781 |
| 3 | KSEB | 367/22-23<br>പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22200980/ 28.02.23<br>22201059/ 15.03.23 | 31095<br>24523 |
| | | ആകെ | | 206173 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 450000 | ലൈഫ് ഭവന പദ്ധതി - ഭൂരഹിതർക്ക് സ്ഥലം വാങ്ങുന്നതിന് ധനസഹായം പട്ടിക ജാതി -പ്രൊ. നം 18/23 | 450000 | 0 |
| | 200000 | ലൈഫ് ഭവന പദ്ധതി - ഭൂരഹിതർക്ക് സ്ഥലം വാങ്ങുന്നതിന് ധനസഹായം -ജനറൽ -പ്രൊ. നം 17/23 | 200000 | 0 |
| | 38066 | ലൈഫ് ഭവന പദ്ധതി പട്ടിക വർഗ്ഗം -പ്രൊ. നം 105/23 | 38066 | 0 |
| | 265000 | ഭിന്നശേഷി വിദ്യാര്ഥികൾക്ക് സ്കോളർഷിപ്പ് -പ്രൊ. നം 41/23 | 265000 | 0 |
| | 2460000 | ലൈഫ് ഭവന പദ്ധതി പട്ടിക ജാതി -പ്രൊ. നം 34/23 | 2460000 | 0 |
| | 1040000 | ലൈഫ് ഭവന പദ്ധതി ജനറൽ -പ്രൊ. നം 29/23 | 1040000 | 0 |

| | | | | |
|---|---|---|---|---|
| | 265000 | പട്ടിക ജാതി വിദ്യാര്‍ഥിനികള്‍ക്ക് മെറിറ്റോറിയസ് സ്കോളര്‍ഷിപ്പ്-പ്രൊ.നം 257/23 | 265000 | 0 |
| | 150000 | പട്ടിക ജാതി വിദ്യാര്‍ഥികള്‍ക്ക് മെറിറ്റോറിയസ് സ്കോളര്‍ഷിപ്പ്-പ്രൊ.നം 258/23 | 150000 | 0 |
| ആകെ | 4868066 | | 4868066 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 790000 | ഭിന്നശേഷി വിദ്യാര്‍ഥികള്‍ക്ക് സ്കോളര്‍ഷിപ്പ് -പ്രൊ. നം 41/23 | 790000 | 0 |
| | 499998 | പാലിന് സബ്സിഡി നല്‍കല്‍ - പ്രൊ.നം- 245/23 | 499998 | 0 |
| | 480000 | ലൈഫ് ഭവന പദ്ധതി പട്ടിക ജാതി -പ്രൊ. നം 34/23 | 480000 | 0 |
| | 40000 | ലൈഫ് ഭവന പദ്ധതി ജനറല്‍ -പ്രൊ. നം 29/23 | 40000 | 0 |
| ആകെ | 1809998 | | 1809998 | |

## 4-3 നിക്ഷേപപ്രവൃത്തികള്‍ക്ക് നല്‍കിയ തുകയുടെ വിവരങ്ങള്‍

| നിര്‍വഹണ ഏജന്‍സി | പ്രവൃത്തിയുടെ പേര് | വൗച്ചര്‍ /ബില്‍/ ചെക്ക് നം. | മുന്‍കൂര്‍ നല്‍കിയ തുക | ചെലവഴിച്ച തുക | പൂര്‍ത്തീകരിച്ച വിവരം | ചെലവഴിക്കാന്‍ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | 04/22-23 അങ്കണവാടികളുടെ വൈദ്യുതീകരണം | 22200754 Dated 12/12/2022 | 114774 | 114774 | പൂര്‍ത്തീകരിച്ച | 0 |
| GWD | Pr No.104/22-23 കുഴല്‍ കിണര്‍ നിര്‍മ്മാണം | 22200793 Dated 23/12/2022 | 41886 | 41886 | പൂര്‍ത്തീകരിച്ച | 0 |
| KSEB | 367/22-23 പോസ്റ്റ് മാറ്റി സ്ഥാപിക്കല്‍ | 22200931/ 14.02.23 22200980/ 28.02.23 22201059/ 15.03.23 | 53905 31095 24523 | 109523 | പൂര്‍ത്തീകരിച്ച | 31095, 24523 എന്നീ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |

## 4-4 മൊബിലൈസേഷന്‍ അഡ്വാന്‍സ് വിവരങ്ങള്‍

ഇല്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക 2022-23 | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | LIFE HOUSING SCHEME | | 22246000 | 25246512 | 3834270 | | 43658242 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷത്തെ വരവ് 9164/- രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു -

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2021-22 | 1/14(3) | 250 | സെക്രട്ടറി, കാളികാവ് സർവ്വീസ് കോ-ഒപ്പറേറ്റീവ് സൊസൈറ്റി | 1220104912 (04/01/2023) |
| 2021-22 | 1/14(1) | 2400 | മാനേജർ സപ്ലൈക്കൊ | 1220104931 (04/01/2023) |
| 2021-22 | 1/14(4) | 240 | മാനേജർ ഹൈഡൻറ് ട്രെഡേഴ്സ് | 1220105088 (04/01/2023) |
| 2021-22 | 1/14(2) | 4800 | വീർജവാൻ അബ്ദുൽ നാസർ ഫ്യൂവൽസ് | 1220104499 (20/02/2023) |
| 2021-22 | 1/16 | 1474 | മുസാഫിർ | 122010846(20/10 /2022) |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1998-99 | 12,13,14 | 2004-05 | 10.1.3.1 | റോഡ് പണികൾക്ക് അധിക ചെലവ് | നടപടി തുടരുന്നു |
| 2006-07 | 3(6) | 2009-10 | 2-8 | കെ എസ് ഇ ബി ഡെപ്പോസിറ്റ് | നടപടി തുടരുന്നു |
| 2011-12 2012-13 | 3(1) | 2014-15 | 4-1-5 | നിഷ്ക്രിയ ആസ്തി അവലോകനം | നടപടി തുടരുന്നു |
| 2014-15 | 2(4) | 2016-17 | അനുബന്ധം 3 | വസ്തു നികുതി | നടപടി തുടരുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

| ക്രമ നം | റിപ്പോർട്ട് വര്ഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നംപർ/തീയതി | തുക | |
| 1 | 2008-09 | 2-2,2-4,2-6 | എൻ.വി.സലീം | LF8581/spl.cell /Sc/D1 /12/23.07.2014 | 44580 | 34670 രൂപ അടവാക്കി |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | : | 135894700 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 63168629 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | ഇല്ല | ഇല്ല | ബാധകമല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1997-98 | കെ.എസ്.എ.എം.പി.എം.6/2262/22 തീയ്യതി 24-04-2023 | 9 |
| 1998-99<br>(പ്ലാൻ) | കെ.എസ്.എ.എം.പി.എം.6/2262/22 തീയ്യതി 24-04-2023 | 2 |
| 1998-99<br>ചെലവ് | കെ.എസ്.എ.എം.പി.എം.6/2262/22 തീയ്യതി 24-04-2023 | 4 |
| 1999-00 | കെ.എസ്.എ.എം.പി.എം.6/2262/22 തീയ്യതി 24-04-2023 | 9 |
| 2000-01 | കെ.എസ്.എ.എം.പി.എം.6/2262/22 തീയ്യതി 24-04-2023 | 1 |
| 2001-02 | കെ.എസ്.എ.എം.പി.എം.6/2262/22 തീയ്യതി 24-04-2023 | 2 |
| 2002-03 | കെ.എസ്.എ.എം.പി.എം.6/2262/22 തീയ്യതി 24-04-2023 | 2 |
| 2003-04 | കെ.എസ്.എ.എം.പി.എം.6/2262/22 തീയ്യതി 24-04-2023 | 14 |
| 2004-05 | കെ.എസ്.എ.എം.പി.എം.6/2262/22 തീയ്യതി 24-04-2023 | 2 |
| 2005-06 | കെ.എസ്.എ.എം.പി.എം.6/2262/22 തീയ്യതി 24-04-2023 | 2 |
| 2006-07 | കെ.എസ്.എ.എം.പി.എം.6/2262/22 തീയ്യതി 24-04-2023 | 8 |
| 2007-08 | കെ.എസ്.എ.എം.പി.എം.6/2262/22 തീയ്യതി 24-04-2023 | 5 |
| 2008-09 | കെ.എസ്.എ.എം.പി.എം.6/2262/22 തീയ്യതി 24-04-2023 | 9 |
| 2009-10,10-11 | കെ.എസ്.എ.എം.പി.എം.6/2262/22 തീയ്യതി 24-04-2023 | 9 |
| 2011-12<br>2012-13 | കെ.എസ്.എ.എം.പി.എം.6/2262/22 തീയ്യതി 24-04-2023 | 8 |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.6/1076/23 തീയ്യതി 26-05-2023 | 4 |
| 2016-17 | കെ.എസ്.എ.എം.പി.എം.6/1076/23 തീയ്യതി 26-05-2023 | 6 |
| 2017-18 | കെ.എസ്.എ.എം.പി.എം.6/1076/23 തീയ്യതി 26-05-2023 | 1 |
| 2018-19 | കെ.എസ്.എ.എം.പി.എം.6/1076/23 തീയ്യതി 26-05-2023 | 1 |
| 2019-20 | കെ.എസ്.എ.എം.പി.എം.6/1250/2021 തീയതി 30-08-22 | 8 |
| 2020-21 | കെ.എസ്.എ.എം.പി.എം.6/1251/22 തീയതി 30-08-2022 | 15 |
| 2021-22 | കെ.എസ്.എ.എം.പി.എം.6/2537/22 തീയതി 04-01-2023 | 18 |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 06-07-2023 and submitted on 11-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kalikavu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kalikavu Grama Panchayat for the year 2022-2023

Date: 05/09/2023

Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Kalikavu Grama Panchayat for the Year 2022-2023.

**1.Major Observations**

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit.
   i. Ratios.
   ii. Comparative amounts.
2. Cashflow Statement Net increase / decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3. Directly debited by bank Further action not taken.
4. Cheques uncashed for for more than 3 months were not transfered to Stale cheque account.
5. The following register is not up to date and is not reliable for audit.
   i. Asset register.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്